# ബലി

പി.പി. രാമചന്ദ്രൻ

അല്ലയോ ബലിമഹാരാജൻ,
ബ്രാഹ്മണവേഷത്തിൽ
ഇപ്പോൾ അങ്ങയുടെ മുമ്പിൽ നിൽക്കുന്ന ഈ ഞാൻ
യഥാർത്ഥത്തിൽ മഹീകോ മൊൺസാന്റോ
എന്നുപേരായ ഒരു കർഷകനാണ്.

ബ്രാഹ്മണാർത്ഥന നിഷേധിക്കുകയില്ല എന്ന
അങ്ങയുടെ പ്രശസ്തി കേട്ടാണ്
ഞാൻ ഈ വേഷത്തിൽ എത്തിയിരിക്കുന്നത്.

ദാനധർമ്മത്തിൽ അങ്ങയുടെ ഖ്യാതി
വേൾഡ് വൈഡ് വെബ്ബിലെ ഏതു സെർച്ച് എൻജിനിലും
ഒന്നാമതാണ്.

അസുരചക്രവർത്തിയായിട്ടും
അങ്ങയുടെ നാട്
ദൈവത്തിന്റെ സ്വന്തം നാടായി അറിയപ്പെടുന്നു.

വിശേഷപ്പെട്ട ഒരു വിത്തുമായാണ്
ഞാനിവിടെ വന്നിട്ടുള്ളത്.

ഭാവന, സ്വപ്നം, പ്രതിഷേധം, വിപ്ലവം തുടങ്ങിയ
കീടങ്ങൾക്കെതിരെ അസാധാരണ പ്രതിരോധശേഷിയുള്ള
ഒരിനം മനുഷ്യവിത്താണ് ഇത്.
ഏതു പ്രതികൂലകാലാവസ്ഥയിലും മുളയ്ക്കും.
വെള്ളമോ വെളിച്ചമോ വളമോ ഇല്ലാതെ വളരും.
കാലാവസ്ഥാ വ്യതിയാനത്തെ അതിജീവിക്കും.
ഭൂമുഖത്തെങ്ങും പടരും.
മാനുഷരെല്ലാരുമൊന്നുപോലെ എന്ന അങ്ങയുടെ സ്വപ്നം
സാക്ഷാത്കരിക്കും.

ജരാനരകൾ ബാധിക്കാത്ത,
അനുസരണയും അച്ചടക്കവുമുള്ള,
എന്നും ഒരേ പാർട്ടിക്കു വോട്ടുചെയ്യുന്ന
ഈ ഇനത്തിലെ പുരുഷജനുസ്സുകൾക്ക്
സദാ ഉദ്ധരിച്ചുനിൽക്കുന്ന ലിംഗങ്ങളുണ്ടാകുമെങ്കിലും
പ്രത്യുത്പാദനശേഷിയുണ്ടാകില്ല.
പെൺജനുസ്സുകൾ അണ്ഡരഹിതരുമാവും.

ആവശ്യാനുസരണം
ലാബോറട്ടറികളിൽ ഉത്പാദിപ്പിക്കുന്ന
ഈ മനുഷ്യവിത്തുകൾ കർഷകർക്ക്
യഥേഷ്ടം ലഭ്യമാക്കാനുള്ള സംവിധാനവുമുണ്ടാവും.

കൃഷിഭൂമി കർഷകന് എന്നാണല്ലോ അങ്ങയുടെ ആദർശം.
ഈ വിത്തുപാകാൻ തരൂ എനിക്ക് മൂന്നടി മണ്ണ്.

ഒന്ന്, രണ്ട്, മൂന്ന്.




*ഹരിതകം, വട്ടംകുളം,*
*എടപ്പാൾ, മലപ്പുറം*